# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/232/2017 2017 നവംബർ 04

## പത്രക്കുറിപ്പ്

### അപേക്ഷാ തീയതി

മൂന്നും നാലും സെമസ്റ്റർ എം.എ ഹിസ്റ്ററി പരീക്ഷയ്ക്ക് പ്രൈവറ്റ് സപ്ലിമെന്ററി, നോൺ സിഎസ്എസ് (റഗുലർ) സപ്ലിമെന്ററി, മേഴ്സി ചാൻസ് വിദ്യാർത്ഥികൾക്ക് പിഴയില്ലാതെ നവംബർ 10 വരെ അപേക്ഷിക്കാം.

### യോഗിക് സയൻസ് ഡിപ്ലോമ കോഴ്സ്

മഹാത്മാഗാന്ധി സർവ്വകലാശാല ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോങ് ലേണിങ് ആന്റ് എക്സ്റ്റൻഷന്റെ നേതൃത്വത്തിൽ അഭിമുഖ്യത്തിൽ നടത്തുന്ന ഡിപ്ലോമ ഇൻ യോഗിക് സയൻസ് കോഴ്സിലേക്ക് നവംബർ 7 വരെ അപേക്ഷിക്കാം. പ്ലസ്ടു/പ്രീഡിഗ്രി വിജയവും ഇൻ/യോഗിക്ക് സയൻസ് സർട്ടിഫിക്കറ്റ് കോഴ്സ് വിജയവുമാണ് യോഗ്യത.

കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0481–2731560, 2731724, 9544981839

### പരീക്ഷാഫലം

2016 നവംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.കോം (2013 മുതൽ അഡ്മിഷൻ, റഗുലർ& സപ്ലിമെന്ററി, സിബിസിഎസ്എസ്) പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി; പുനർ മൂല്യ നിർണ്ണയത്തിനും സൂക്ഷമ പരിശോധനയ്ക്കും നവംബർ 20 വരെ അപേക്ഷിക്കാം.

### എം.ജിയിൽ ശുചികരണ ജോലിയ്ക്ക് അപേക്ഷിക്കാം

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ശുചികരണ ജോലികൾ ചെയ്യാൻ ദിവസം രണ്ടു മണിക്കൂർ ജോലിക്ക് , 125 രൂപ വേതനാടിസ്ഥാനത്തിൽ രണ്ടു മാസ കാലയളവിലേയ്ക്കു താൽകാലിക നിയമനത്തിന് അപേക്ഷിക്കാം. അപേക്ഷകർ സർവ്വകലാശാലയുടെ 8 കി.മി ചുറ്റളവിൽ താമസിക്കുന്നവരും, 18 വയസ് പൂർത്തികരിച്ചവരും, 60 വയസ് കഴിയാത്തവരും ആയിരിക്കണം. പത്താം ക്ലാസിനുമേൽ യോഗ്യത പാടില്ല. താൽപര്യമുള്ളവർ വെള്ള പേപ്പറിൽ തയ്യായാക്കിയ അപേക്ഷ ഇലക്ഷൻ ഐഡി അല്ലെങ്കിൽ ആധാർ കാർഡിന്റെ പകർപ്പ് സഹിതം ഭരണവിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർ- I മുമ്പാകെ നവംബർ 30-നകം സമർപ്പിക്കണം.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**